**ക്യൂഐപി(1)/9141/2020/ഡിജിഇ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : **03.06.2020.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം).
എല്ലാ എ.ഡി മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം).
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ സമഗ്രശിക്ഷാ ഡിപിഒ മാർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും(പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം)
എല്ലാ കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:-ഓൺലൈൻ ക്ലാസ്സുകൾ - കുട്ടികൾക്ക് ക്ലാസുകളുടെ ലഭ്യത- തുടർ നടപടികൾ സംബന്ധിച്ച്

സൂചന: 1. 29.05.2020 ലെ സ.ഉ(സാ.ധാ) നം. 1756/2020/പൊ.വി.വ.
2. 30.05.2020 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

കോവിഡ് 19 ലോക്ഡൗൺ പശ്ചാത്തലത്തിൽ ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യം ഇല്ലാത്തതിനാൽ പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനം വഴി പുനഃക്രമീകരിക്കുന്നതിന് സർക്കാർ സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി നടത്തിയ പ്രാഥമിക സർവ്വേയിൽ ഏകദേശം രണ്ടര ലക്ഷം വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ വീക്ഷിക്കുന്നതിന് പ്രായോഗിക തടസ്സങ്ങൾ ഉണ്ടാകാമെന്ന് കണ്ടെത്തിയിരുന്നു. ഈ പരിമിതികൾ മറികടക്കുന്നതിനും എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

എല്ലാ വിദ്യാർത്ഥികളിലേയ്ക്കും ഓൺലൈൻ സംവിധാനങ്ങൾ പൂർണ്ണമായും എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിന് ആദ്യ ഘട്ടത്തിൽ ട്രയൽ നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ട്രയൽ ക്ലാസ്സുകൾ എല്ലാ വിഭാഗം കുട്ടികളിലേയ്ക്കും എത്തിച്ചേർന്നിട്ടില്ല എന്ന് ചില കോണുകളിൽ നിന്നും റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഒരു കുട്ടിക്കുപോലും ക്ലാസ്സുകൾ നഷ്ടപ്പെടുന്നില്ലായെന്നും, ക്ലാസ്സുകൾ കുട്ടികൾക്ക് ലഭ്യമാകുന്നു

എന്നുറപ്പാക്കുന്നതിനും, ജില്ലാതലത്തിലും സ്കൂൾ തലത്തിലും ഏവരുടെയും സഹകരണത്തോടെ താഴെ പറയുന്ന രീതിയിൽ ക്രമീകരണങ്ങൾ നടത്താവുന്നതാണ്.

1. ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും നേതൃത്വത്തിൽ ഒരു അടിയന്തിര യോഗം വിളിച്ച് ചേർക്കാവുന്നതാണ്. ഈ യോഗത്തിൽ കുടുംബശ്രീ ജില്ലാ കോ–ഓർഡിനേറ്റർ, ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്, ഡിപിഎം അക്ഷയ, ലൈബ്രറി കൗൺസിൽ ജില്ലാ പ്രതിനിധി, പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിന്റെ ജില്ലാതല ഓഫീസർ, സഹകരണ വകുപ്പിന്റെ പ്രതിനിധി എന്നിവരെ കളക്ടറുടെ അനുമതിയോടുകൂടി ഈ യോഗത്തിലേയ്ക്ക് വിളിക്കാവുന്നതാണ്. ഈ യോഗത്തിൽ ആർ.ഡി.ഡി (ഹയർ സെക്കണ്ടറി വിഭാഗം), എ.ഡി (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം), ഡി.ഡി.ഇ, എസ്.എസ്.കെ ഡിപിസി, ഡയറ്റ് പ്രിൻസിപ്പൽ, പൊതു വിദ്യാഭ്യാസ യജ്ഞം ജില്ലാ കോ–ഓർഡിനേറ്റർ, കൈറ്റ് ജില്ലാ കോ–ഓർഡിനേറ്റർ എന്നിവർ പങ്കെടുക്കേണ്ടതാണ്. കളക്ടറുടെയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും സൗകര്യപ്രദമായ സമയത്ത് ജൂൺ 6–ാം തീയതിയ്ക്കുള്ളിൽ ഈ യോഗം വിളിച്ചുകൂട്ടേണ്ടതാണ്. ഈ യോഗത്തിൽ സമഗ്ര ശിക്ഷാ കേരള വഴി വിവിധ സ്കൂളുകളിൽ നിന്നും നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും എത്ര കുട്ടികൾക്കാണ് നിലവിൽ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴിയും, യൂട്യൂബ്, സാമൂഹിക മാദ്ധ്യമങ്ങൾ, മറ്റ് നവമാധ്യമങ്ങൾ വഴിയും ഇതിനോടകം സംപ്രേഷണം ചെയ്ത ക്ലാസ്സുകൾ ലഭ്യമാകാത്തത് എന്നതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് ആവശ്യമായ ചർച്ചകൾ നടത്തുകയും വിവിധ വകുപ്പുകളുടെ തലത്തിൽ താഴെത്തട്ടിലേയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.
2. സ്കൂൾതലത്തിൽ പ്രഥമാദ്ധ്യാപകർ സ്കൂളിലെ എല്ലാ അദ്ധ്യാപകരുടെയും സ്റ്റാഫ് മീറ്റിംഗ് അടിയന്തിരമായി വിളിച്ചുചേർത്ത് ഏത് ക്ലാസ്സിന്റെ / ഏത് വിഷയത്തിന്റെ ചുമതലയാണ് ഈ വർഷം അദ്ധ്യാപകർക്ക് ഉണ്ടാകുക എന്ന് കൃത്യമായി നിർദ്ദേശം നൽകേണ്ടതാണ്. ഈ സ്റ്റാഫ് മീറ്റിംഗിന് ഓൺലൈൻ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. ചുമതലാ വിഭജനം നടത്തപ്പെട്ട ശേഷം അദ്ധ്യാപകർ തങ്ങളുടെ ചുമതലയിലുള്ള വിഷയങ്ങൾ/ക്ലാസ്സുകൾ സാമൂഹിക മാധ്യമങ്ങൾ വഴിയോ, ടെലഫോൺ മുഖേനയോ കുട്ടികളുമായി ബന്ധപ്പെടുകയും, ആവശ്യമായ പഠന പിന്തുണ അവർക്ക് നൽകുന്നുണ്ടെന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പ് വരുത്തുകയും വേണം. പുതുതായി പ്രവേശനം നേടുന്ന കുട്ടികളുടെ വിവരം ചുമതലയുള്ള അദ്ധ്യാപകരെ അറിയിക്കാൻ പ്രഥമാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. സമഗ്ര ശിക്ഷാ കേരള ഇതിനോടകം നടത്തിയിട്ടുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ക്ലാസ്സിലെയും, ഓരോ വിഷയത്തിന്റെയും അദ്ധ്യാപകർ തങ്ങളുടെ ക്ലാസ്സിലെ ഏതൊക്കെ കുട്ടികൾക്ക് ഈ സൗകര്യങ്ങൾ ലഭ്യമായിട്ടില്ല എന്ന് കൃത്യമായി ഒരിക്കൽകൂടി കണക്കാക്കുകയും, പരിശോധിക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ക്കൂൾ തലത്തിലും ജൂൺ 9 നകം പ്രിൻസിപ്പൽ/പ്രഥമാദ്ധ്യാപകർ, ക്ലസ്റ്റർ കോ-ഓർഡിനേറ്റർ, പ്രദേശത്തെ കുടുംബശ്രീ പ്രവർത്തകർ, പി.റ്റി.എ/എസ്.എം.സി പ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, എസ്.സി./എസ്.ടി. പ്രമോട്ടർമാർ, സാക്ഷരതാ പ്രേരക്മാർ, പ്രാദേശിക അക്ഷയ കേന്ദ്രത്തിലെ പ്രതിനിധി, കൈറ്റ് കോ-ഓഡിനേറ്റർ, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, കേബിൾ ഓപ്പറേറ്റർമാരുടെ പ്രതിനിധികൾ, പ്രാദേശിക ലൈബ്രറികളുടെ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി അടിയന്തരമായി യോഗം ചേരാവുന്നതാണ്. സ്ക്കൂളിൽ ഓൺലൈൻ ക്ലാസ്സ് ലഭ്യമാകാത്ത ഓരോ കുട്ടിക്കും ഈ ക്ലാസ്സുകൾ ലഭ്യമാക്കുന്ന മാർഗം കണ്ടെത്തേണ്ടതാണ്. ഈ നടപടി ക്രമങ്ങൾ എത്രയും വേഗം (പരമാവധി ജൂൺ 12 നകം) പൂർത്തീകരിക്കേണ്ടതാണ്. സ്ക്കൂൾ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത കാര്യങ്ങൾ എ.ഇ.ഒ./ഡി.ഇ.ഒ. തലത്തിലേക്കും, അവിടെ പരിഹരിക്കാനാവാത്തവ ഡി.ഡി.ഇ/ആർ.ഡി.ഡി/എ.ഡിമാർ ശേഖരിച്ച് തങ്ങളുടെ തലത്തിൽ പരിഹരിക്കേണ്ടതാണ്. ഡി.ഡി.ഇ/ആർ.ഡി.ഡി/എ.ഡി തലത്തിൽ പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ അറിയിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള
ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
ഡയറക്ടർ, എസ്.ഐ.ഇ.ടി
ഡയറക്ടർ, സീമാറ്റ്